**2009, ഖുത്ബ നമ്പര്‍- 35**

**28.08.2009**
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

## ദൈവ പ്രാപ്തിക്കായി പരിശ്രമിക്കുക.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ ۖ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿١٨٧﴾

(2.187)

എന്റെ ദാസര്‍ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുകയാണെങ്കില്‍ തീര്‍ച്ചയായും ഞാന്‍ അടുത്താണ്. ദുആ ചെയ്യുന്നവരുടെ ദുആക്ക് അവര്‍ എന്നെ വിളിച്ചു പ്രാര്‍ത്ഥിക്കുമ്പോള്‍ ഞാന്‍ ഉത്തരം നല്‍കുന്നതാണ്. അത്കൊണ്ട് അവര്‍ എന്റെ വാക്കുകള്‍ക്ക് ഉത്തരം നല്‍കേണ്ടതാണ്. എന്നില്‍ വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. അവര്‍ക്ക് ഹിദായത്ത് ലഭിക്കുന്നതിനു വേണ്ടി. (2:187)

നമുക്ക് ഒരു റമദാന്‍മാസം കൂടി കാണാനുള്ള ഭാഗ്യം നല്‍കി എന്നത് അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹമാണ്. ഇന്ന് നാം അവന്റെ ഫള്ല്കൊണ്ട് 6-ാം മത്തെ നോമ്പിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണിക്കണക്കാക്കാന്‍ സാധ്യമല്ലെന്ന് മനുഷ്യന് ചിന്തിച്ചാല്‍ മനസ്സിലാകുന്നതാണ്.

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا (29:70) എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. നമ്മേ കണ്ടുമുട്ടാനായി കഠിനപ്രയത്നം ചെയ്യുന്നവര്‍ക്ക് നാം തീര്‍ച്ചയായും നമ്മുടെ അടുത്തേക്ക് വരുന്നതിനുള്ള തൗഫീക്ക് നല്‍കുന്നതാണ്. ഇവിടെ എന്റെ അടുത്തേക്ക് വരാനായി പരിശ്രമിക്കുന്നവര്‍ക്ക് എന്നാണ് പറഞ്ഞത്. അവര്‍ക്കാണ് തന്നിലേക്ക് വരാനുള്ള തൗഫീക്ക് അല്ലാഹു നല്‍കുന്നത്. എന്നാല്‍ അല്ലാഹുവിലേക്കുള്ള വഴികള്‍ സ്വയം ഉണ്ടാക്കുക എന്നത് ദാസരുടെ ജോലിയല്ല. അല്ലാഹു തന്റെ സുന്നത്തനുസരിച്ച് തന്റെ പ്രവാചകന്മാര്‍ മുഖേന അവനിലേക്കുള്ള വഴി ഓരോ കാലത്തും കാണിച്ചു കൊടുത്തിട്ടുണ്ട്. മനുഷ്യന്റെ കഴിവ് വിവിധ പരിണാമഘട്ടങ്ങളിലൂടെ അതിന്റെ ഉത്തമ അവസ്ഥ കൈവരിച്ചപ്പോള്‍ അല്ലാഹു തിരുനബി (സ.അ) യെ അയക്കുകയുണ്ടായി. തിരുനബി (സ.അ) യെ അയച്ചുകൊണ്ട് തന്റെ പരിപൂര്‍ണ്ണ ശരീഅത്തിലൂടെ അവനിലേക്ക് എത്താനുള്ള വഴികള്‍ അല്ലാഹു കാണിച്ചുതരികയുണ്ടായി. ഈ വഴിയിലൂടെ നടന്ന് മാനവരാശി നാശത്തില്‍ നിന്നും രക്ഷപ്പെടുന്നതാണ്. അല്ലാഹുവിലേക്ക് കൊണ്ടുപോകുന്ന വഴികളിലൊന്ന് റമദാനിലെ വ്രതമാണ്.

റമദാന്‍ മാസം അതിരറ്റ അനുഗ്രഹങ്ങളുടെ മാസമാണ്. ഞാന്‍ ഓതിയ ആയത്തിന്റെ തൊട്ടുമുകളിലുള്ള ആയത്തില്‍ ഇതിനെക്കുറിച്ചുള്ള പരാമര്‍ശം കാണാവുന്നതാണ്. തന്റെ സാമീപ്യം കരസ്ഥമാക്കുവാനുള്ള വ്രതസമ്പ്രദായം മുമ്പുള്ള പ്രവാചകന്മാര്‍ക്കും അല്ലാഹു നല്‍കിയിരുന്നു. ഇന്ന് മുസ്‌ലീംകള്‍ക്ക് ഇത് നിര്‍ബന്ധമാണ്. ഇസ്‌ലാം പൂര്‍ണ്ണമായതുകൊണ്ട് വ്രതത്തിന്റെ ഏറ്റവും ശ്രേഷ്ടമായ അവസ്ഥയാണ് നമുക്ക് ഇസ്‌ലാമില്‍ കാണാന്‍ സാധിക്കുക. അത്താഴം കഴിക്കേണ്ട സമയം എപ്പോഴാണ്, നോമ്പ് തുറക്കേണ്ട സമയം എപ്പോഴാണ്, ഇതേപോലെ മറ്റു പല കാര്യങ്ങളും വിശദമായി വിവരിച്ചത് നമുക്ക് കാണാം. രോഗിയോ യാത്രക്കാരനോ ആണെങ്കില്‍ അവര്‍ക്ക് മറ്റു ദിവസങ്ങളില്‍ നോറ്റു വീട്ടാനുള്ള ഇളവും നല്‍കിയിട്ടുണ്ട്. ഇനി കഴിവുണ്ടെങ്കില്‍ ഫിദ്‌യ നല്‍കാനും കല്‍പന നല്‍കിയിട്ടുണ്ട്. സ്ഥിരമായ രോഗിയാണെങ്കില്‍, നോമ്പെടുക്കല്‍ തീരെ കഴിയാതെ വരികയാണെങ്കില്‍ ഫിദിയ നല്‍കാന്‍ കല്‍പിക്കപ്പെട്ടിരിക്കുന്നു. ഇബാദത്തുകളിലേക്കും വിശുദ്ധഖുര്‍ആന്‍ പാരായണത്തിലേക്കും ശ്രദ്ധിക്കണം എന്ന് അല്ലാഹു വിശ്വാസികളോട് കല്‍പിച്ചിരിക്കുന്നു. കാരണം ഇത് അനുഗ്രഹീത മാസമാണ്. അതുകൊണ്ട് ചെറിയ ചെറിയ രോഗങ്ങളുടേയും ക്ഷീണങ്ങളുടേയും പേരുപറഞ്ഞ് നോമ്പു ഉപേക്ഷിക്കരുത്. ഒരു വിശ്വാസി അനുസരിക്കുന്നവനാണെന്ന് വ്യക്തമായി മനസ്സിലാകുന്നത് അല്ലാഹുവിന്റെ കല്പനപ്രകാരം ഭക്ഷണപാനീയങ്ങളും മറ്റ് അനുവദനീയമായ കാര്യങ്ങളും ഒരു സമയ പരിധിവരെ ഉപേക്ഷിക്കുമ്പോഴാണ്. അല്ലാഹുവിന്റെ പ്രീതിക്കായി അവന്‍ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നു. ഈ ദിനങ്ങളില്‍ അല്ലാഹു തന്റെ ദാസരുടെ തെറ്റുകള്‍ പൊറുത്തുകൊടുക്കുന്നതിനും തന്റെ സാമീപ്യം നല്‍കി അനുഗ്രഹിക്കുന്നതിനുമുള്ള പ്രത്യേക സാഹചര്യം ഒരുക്കുന്നു. ഒരു ഭാഗത്ത് لَنَهْدِيَنَّهُمْ سُبُلَنَا എന്ന് പറഞ്ഞുകൊണ്ട് എല്ലാ കാലത്തും എല്ലാ ദേശത്തുമുള്ളവരോട് പറഞ്ഞത് എന്നിലേക്കുള്ള മാര്‍ഗം ഞാന്‍ കാണിച്ചുകൊടുക്കും എന്നാണ്. സദുദ്ദേശ്യത്തോട്കൂടി അല്ലാഹുവിലേക്ക് പോകുന്ന ആര്‍ക്കും തന്നെ അല്ലാഹുവിന്റെ അനുഗ്രഹത്തില്‍ നിന്നും ഒരു ഭാഗം ലഭിക്കുന്നതാണ്. ഇത് എല്ലാവര്‍ക്കുമുള്ള ഒരറിയിപ്പാണ്. എന്നാല്‍ റമദാന്‍ മാസത്തില്‍ തന്റെ നാഥന് വേണ്ടി ഒരു ദാസന്‍ ത്യാഗം ചെയ്യുമ്പോള്‍, തന്റെ നാഥന്റെ കല്‍പനപ്രകാരം ചെയ്യുമ്പോള്‍ പ്രത്യേക അനുഗ്രഹങ്ങളുടെ ഉറവിടവും അല്ലാഹു ഈ മാസത്തില്‍ തുറന്നുവിടുന്നു. തന്റെ ദാസരുടെ ആത്മീയ അഭിവ്യദ്ധിക്കുള്ള പ്രത്യേക സംവിധാനം ഈ മാസത്തില്‍ അവന്‍ ഒരുക്കുന്നു. നന്മയിലേക്ക് മുന്നേറാന്‍ സഹായിക്കുന്ന ഒരന്തരീക്ഷം അവന്‍ സൃഷ്ടിക്കുന്നു. അല്ലാഹുതആല തന്റെ ദാസര്‍ക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള മാര്‍ഗങ്ങള്‍ എളുപ്പമാക്കിയിരിക്കുന്നു. ദാസരുടെ ദുആകള്‍ സ്വീകരിക്കുന്നതിനായി എല്ലാ അകല്‍ച്ചയും ഇല്ലാതാക്കി തന്റെ സാമീപ്യം നല്‍കി അനുഗ്രഹിക്കുന്നു. ഒരു ഹദീസില്‍ വരുന്നു. ഹദ്‌റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു.

إِذَا جَاءَ رَمَضَانُ فُتِّحَتْ أَبْوَابُ الْجَنَّةِ وَغُلِّقَتْ أَبْوَابُ النَّارِ وَصُفِّدَتِ الشَّيَاطِينُ

തിരുനബി (സ.അ) അരുളി റമദാന്‍ മാസം വന്നു കഴിഞ്ഞാല്‍ സ്വര്‍ഗ കവാടങ്ങള്‍ തുറക്കപ്പെടുകയും നരകകവാടങ്ങള്‍ അടയ്ക്കപ്പെടുകയും ശൈത്വാന്‍ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്യുന്നു. ഇവിടെ അല്ലാഹു തിരുനബി (സ.അ) മുഖേന ആ അന്തരീക്ഷത്തെ ഏതു രീതിയിലാണ് വിവരിച്ചിരിക്കുന്നത് എന്ന് നോക്കുക.

അതുകൊണ്ട് ഇങ്ങിനെയുള്ള ഒരു റമദാൻകൂടി നമുക്ക് നൽകിയത് നമ്മുടെ ഭാഗ്യമല്ലെ? അല്ലാഹു സാധാരണ അവസ്ഥയിൽ പോലും ഒരു നന്മക്ക് പല മടങ്ങ് പ്രതിഫലം നൽകുന്നവനാണ്. തിന്മക്കുള്ള ശിക്ഷ തിന്മയുടെ അത്രമാത്രമേ നൽകുകയുള്ളൂ. എന്നാൽ ഈ ദിനങ്ങളിൽ അല്ലാഹു അതിരറ്റ അനുഗ്രഹങ്ങൾ ചൊരിയുന്നു. മറ്റു ദിനങ്ങളിൽ ശൈത്വാന് മനുഷ്യരെ വഴിതെറ്റിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ചിലപ്പോൾ നന്മ ചെയ്യുന്നവർ പോലും അവന്റെ വലയിൽ വീണുപോകുന്നു. നന്മയിൽ അവർക്ക് മുന്നേറാൻ കഴിയാതെവരുന്നു. നന്മയുടെ മൂടുപടം അണിഞ്ഞുകൊണ്ട് തിന്മയിലേക്ക് അവൻ ജനങ്ങളെ കൊണ്ടുപോകുന്നു. എന്നാൽ തിരുനബി (സ.അ) അല്ലാഹുവിന്റെ നിർദേശപ്രകാരം ഇവിടെ പ്രഖ്യാപനം നടത്തുന്നത് ശൈത്വാൻ ബന്ധനസ്ഥനാക്കപ്പെടും എന്നാണ്. അതുകൊണ്ട് ഈ റമദാനിലെ അന്തരീക്ഷം പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വർഗത്തിലെ ഏതെല്ലാം കവാടങ്ങളിൽകൂടെ പ്രവേശിക്കാൻ സാധിക്കുമോ അതിലെയെല്ലാം പ്രവേശിക്കാൻ പരിശ്രമിക്കുകയാണ് മനുഷ്യൻ ചെയ്യേണ്ടത്. ശൈത്വാന് എത്തിപ്പിടിക്കാൻ കഴിയാത്ത ഉന്നതങ്ങളിൽ എത്തിച്ചേരാൻ ശ്രമിക്കുക. നമ്മുടെ ആരാധനകളുടെ നിലവാരം ഉയർത്താൻ ശ്രമിക്കണം. സദക്കയിലും ദാനധർമ്മങ്ങളിലും മുന്നേറാൻ ശ്രമിക്കണം. കാരണം നമുക്ക് നമ്മുടെ യജമാനർ (സ) യുടെ മാതൃക പിൻപറ്റേണ്ടിയിരിക്കുന്നു. ആ മഹാത്മാവിന്റെ കൈകൾ ദാനധർമത്തിൽ ശക്തമായ കാറ്റു വീശുന്നതുപോലെ ചലിക്കാറുണ്ടായിരുന്നു. ഉന്നതധാർമ്മിക ഗുണങ്ങൾ സ്വായത്തമാക്കുന്നതിലും അതിലും ഉന്നതി പ്രാപിക്കുന്നതിലും പരിശ്രമിക്കേണ്ടതാണ്. ഇതും അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുന്നതിന് കാരണമായിത്തീരുന്നു. വിശുദ്ധഖുർആൻ പാരായണവും അതിന്റെ കൽപനകളനുസരിച്ച് ജീവിക്കുന്നതിലും പ്രത്യേകതാൽപര്യം കാണിക്കേണ്ടതാണ്. ഇതും ദൈവപ്രീതി കരഗതമാകുന്നതിന് കാരണമായിത്തീരുന്നു. റമദാനിലെ ഈ ദിനങ്ങൾ പ്രയോജനപ്പെടുത്തുകയാണെങ്കിൽ നാം ഭാഗ്യവാന്മാരായിത്തീരുന്നതാണ്. ഹദ്റത്ത് അബൂഹുറൈറ(റ)വിൽ നിന്നും ഒരു നിവേദനം ഇപ്രകാരം കാണാം. ഹദ്റത്ത് റസൂൽ (സ. അ) ഇപ്രകാരം അരുളി. മനുഷ്യന്റെ ഓരോ പ്രവർത്തനവും അവനുവേണ്ടിയുള്ളതാണ്, വ്രതമൊഴികെ. വ്രതം എനിക്ക് വേണ്ടിയാണ് . ഞാൻ തന്നെ അതിന്റെ പ്രതിഫലമായിത്തീരുന്നതാണ്. നോമ്പ് പരിചയാകുന്നു. നിങ്ങളിലാരെങ്കിലും നോമ്പുകാരാണെങ്കിൽ ചീത്തപറയുകയോ വ്യർത്ഥമായ കാര്യങ്ങൾ സംസാരിക്കുകയോ ചെയ്യരുത്. ആരെങ്കിലും നോമ്പ്കാരനെ ചീത്ത പറയുകയാണെങ്കിൽ അതുമല്ലെങ്കിൽ അവനോട് വല്ല പ്രശ്നവും ഉണ്ടാക്കുകയാണെങ്കിൽ ഞാൻ നോമ്പ്കാരനാണെന്ന് അവനോട് പറയുക. മുഹമ്മദിന്റെ ജീവൻ ആരുടെ കൈയ്യിലാണോ ഉള്ളത് അവന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറയുന്നു; നോമ്പുകാരന്റെ വായിലെ നാറ്റം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ പ്രിയപ്പെട്ടതാണ്. നോമ്പുകാരന് രണ്ടു സന്തോഷങ്ങളാണുള്ളത്. ഒന്ന് അവൻ നോമ്പ് തുറക്കുമ്പോൾ സന്തോഷിക്കുന്നു. മറ്റൊന്ന് അവൻ തന്റെ നാഥനെ കണ്ടുമുട്ടുമ്പോൾ അവന്റെ നോമ്പിന്റെ കാര്യത്തിൽ അവൻ സന്തോഷിക്കുന്നു.

അതുകൊണ്ട് ഈ ലോകത്തോട് വിടപറയുന്നതിന് മുമ്പേ നമ്മുടെ ഓരോ അനക്കമടക്കവും അല്ലാഹുവിന്റെ പ്രീതിക്ക് പാത്രമാക്കിക്കൊണ്ട് അല്ലാഹുവിനെ പ്രാപിക്കാൻ കഴിയുന്ന തരത്തിലുള്ള നോമ്പായി മാറ്റാൻ നാം ശ്രമിക്കേണ്ടതാണ്. ഫലപ്രദമായ രീതിയിൽ നോമ്പെടുക്കാത്തവർ ഹദീസിൽ പറഞ്ഞ അവർ അവരുടെ റബ്ബിനെ കണ്ടുമുട്ടുമ്പോൾ അവരുടെ നോമ്പുകാരണം സന്തോഷിക്കും എന്നതിന് അർഹരായിത്തീരുന്നതല്ല. തിരുനബി (സ.അ) പറഞ്ഞതായി ഹദ്റത്ത് അബൂഹുറൈറ (റ) രിവായത്ത് ചെയ്യുന്നു. ആരാണോ നോമ്പെടുത്തുകൊണ്ടു കളവ് പറയുന്നതിൽ നിന്നും കളവ് പ്രവർത്തിക്കുന്നതിൽനിന്നും വിട്ടുനിൽക്കാത്തത് അവർ ഭക്ഷണവും വെള്ളവും ഉപേക്ഷിക്കുന്നതുകൊണ്ട് അല്ലാഹുവിന് ഒരു പ്രയോജനവും ഇല്ല.

ആദ്യത്തെ ഹദീസിൽ തിന്മയിൽ നിന്ന് വിട്ടുനിൽക്കുന്നവർക്ക് ദൈവപ്രീതി ലഭിക്കും എന്ന് പറയുന്നു. ഈ ഹദീസിൽ പറയുന്നത് തിന്മകളിൽനിന്നും വിട്ടുനിൽക്കാത്തവരുടെ നോമ്പ് നോമ്പായിരിക്കില്ല എന്നാണ്. അവർ വെറുതെ പട്ടിണി കിടിക്കുന്നു എന്നേ ഉള്ളൂ. അല്ലാഹുവിന് ആരെങ്കിലും പട്ടിണി കിടന്നു എന്നതുകൊണ്ട് എന്ത് കാര്യം. ഈ വ്യക്തി പട്ടിണികിടന്നതുകൊണ്ട് അയാൾക്ക് പുണ്യമൊന്നും ലഭിക്കുന്നതല്ല. അതുകൊണ്ട് ഒരു യഥാർത്ഥവിശ്വാസി റമദാനിലെ ഈ ആത്മീയ അന്തരീക്ഷത്തിൽ റമദാനിൽനിന്നും ഫലമെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ ചുറ്റുപാടും നന്മയിൽ മുന്നേറുന്നവരും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ പരിശ്രമിക്കുന്നവരും ഉണ്ട്. അതേപോലെ തിന്മയിൽ മുന്നേറുന്നവരും അശ്ലീലങ്ങളിൽ മുഴുകിയിരിക്കുന്നവരും മദ്യത്തിലും മദിരാശിയിലും മുഴുകിയവരും എല്ലാം ഇവിടെ താമസിക്കുന്നുണ്ട്. മാത്രമല്ല, വ്രതമെടുത്ത് കൊണ്ട് അല്ലാഹുവിന്റേയും മതത്തിന്റേയും മൂടുപടമണിഞ്ഞുകൊണ്ട് മറ്റുള്ളവരുടെ കഴുത്തറുക്കുന്നവരും ഇവിടെയുണ്ട്. റമദാനിൽ അഹ്മദികളെ ബുദ്ധിമുട്ടിപ്പിക്കുന്നതും ശഹീദാക്കുന്നതും വലിയ പുണ്യമായി കരുതുന്നവരും നമ്മുടെ ചുറ്റുപാടിലുമുണ്ട്. അതുകൊണ്ട് നന്മയും തിന്മയും ചെയ്യുന്നവർ റമദാൻ എന്ന അനുഗ്രഹീതമാസം കൊണ്ട് തുല്ല്യരായിത്തീരുമോ? നന്മകൾ ചെയ്യുന്നവർക്ക് സ്വർഗകവാടങ്ങൾ തുറക്കപ്പെടുന്നതുപോലെ തിന്മ ചെയ്യുന്നവർക്കും സ്വർഗത്തിലെ കവാടങ്ങൾ തുറക്കപ്പെടുമോ? നന്മകൾ ചെയ്യുന്നവരും ഇബാദത്തുകൾ അനുഷ്ഠിക്കുന്നവരും നരകത്തിൽ നിന്നും തടയപ്പെടുന്നതുപോലെ, അവരുടെ ശൈത്വാനുകളെ ബന്ധനസ്ഥനാക്കപ്പെട്ടതുപോലെ തിന്മകൾ ചെയ്യുന്നവരും നരകത്തിൽനിന്ന് തടയപ്പെടുമോ? അവരുടെ ശൈത്വാനുകളെ ബന്ധനസ്ഥനാക്കപ്പെടുമോ? അവരുടെ ശൈത്വാനുകളെ ബന്ധനസ്ഥനാക്കപ്പെട്ടിരുന്നെങ്കിൽ ഈ തിന്മകൾ അവരിൽനിന്നും എങ്ങിനെ പുറപ്പെടാനാണ്.അവർ നന്മ ചെയ്യുന്നവരായി മാറുമായിരുന്നു.

അതുകൊണ്ട് റമദാനിലുള്ള പുണ്യം ചില നിബന്ധനകളാൽ ബന്ധിതമാണ്. റമദാനിൽ ദൈവസാമീപ്യത്തിനായി പരിശ്രമിക്കുമ്പോൾ മറ്റു ദിനങ്ങളേക്കാൾ വേഗത്തിൽ അവർക്ക് ഇത് പ്രാപിക്കാൻ സാധിക്കുന്നതാണ്. നോമ്പുകാരൻ നോമ്പെടുത്തുകൊണ്ട് ദൈവപ്രീതിക്കായി എല്ലാ തിന്മകളും ഉപേക്ഷിക്കുന്നു. അനുവദനീയമാക്കപ്പെട്ടതുപോലും നോമ്പുകാലത്ത് അവൻ ഉപേക്ഷിക്കുന്നു. അതുകൊണ്ട് അല്ലാഹു നൽകിയിരിക്കുന്ന ഈ അനുഗ്രഹങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് അവന്റെ അനുഗ്രഹം തേടുന്നതിനായി അവന്റെ മുമ്പിൽ കൂടുതലായി കുനിയേണ്ടിയിരിക്കുന്നു. തിരുനബി (സ.അ) യുടെ സഹാബത്ത് തിരുനബിയോട് ചോദിക്കുമായിരുന്ന ഒരു പ്രശ്നത്തെ എടുത്ത് പറഞ്ഞുകൊണ്ട് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞ കാര്യം നമുക്ക് എന്നെന്നും മാർഗദർശനമാണ്. ഞാൻ നേരത്തെ പാരായണം ചെയ്ത ആയത്തിൽ അതാണ് അല്ലാഹു പറയുന്നത്. ഈ വചനം നോമ്പിന്റെ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് പരാമർശിക്കുന്നത്. തന്റെ ദാസൻ ചെയ്യുന്ന ദുആകൾ

സ്വീകരിക്കുമെന്ന സന്തോഷവാർത്തയാണ് അല്ലാഹു ഇതിലൂടെ നൽകുന്നത്. ഞാൻ കേൾപ്പിച്ച ഹദീസും ഈ ആയത്തിനെ വിശദീകരിക്കുന്നുണ്ട്. നോമ്പ് സ്വീകരിക്കപ്പെടണമെങ്കിൽ തിന്മകൾ വർജ്ജിക്കണമെന്ന് ഹദീസിൽ പറയുമ്പോൾ ദാസന്റെ ദുആ സ്വീകരിക്കാൻ ഈ ആയത്തിൽ ചില നിബന്ധനകൾ അല്ലാഹു വെക്കുന്നുണ്ട്.

ഒന്നാമത്തെ നിബന്ധന وَاِذَا سَاَلَكَ عِبَادِیْ عَنِّیْ എന്നു പറഞ്ഞുകൊണ്ടാണ് പറയുന്നത്. അല്ലാഹുവിന്റെ ദാസരായിത്തീരാൻ ആഗ്രഹിക്കുന്നവർക്കാണ് ഈ അനുഗ്രഹം ലഭിക്കുന്നത്. ഇവിടെ ദാസർ അല്ലാഹുവിനെക്കുറിച്ചാണ് ചോദിക്കുന്നത്. ഭൗതികകാര്യങ്ങളല്ല അവർ അന്വേഷിക്കുന്നത്. മറിച്ച് അല്ലാഹുവിനെയാണ് അവർ അന്വേഷിക്കുന്നത്. അവർ ബിസിനസ്സ് ശരിയാക്കുന്നതിന് വേണ്ടിയോ മറ്റോ ചോദിക്കാതെ അവരുടെ ചോദ്യം അല്ലാഹു എവിടെയാണെന്നുള്ളതാണ്. ലോകം നിരീശ്വരത്തിലേക്കും ദൈവനിഷേധത്തിലേക്കും മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ എനിക്ക് വേണ്ടത് എന്റെ അല്ലാഹുവിനെയാണ്. ഒരു ഭൗതികഭ്രമവും എന്നെ അഹ്മദിയത്തിൽനിന്നും അകറ്റാതിരിക്കട്ടെ. എനിക്ക് എന്റെ ദൈവത്തെ ലഭിക്കട്ടെ. ഈ ആഗ്രഹസഫലീകരണത്തിനായാണ് വളരെ ശ്രദ്ധയോട്കൂടി ഞാൻ റമദാനിലെ നോമ്പ് നോൽക്കുന്നത്.

അല്ലാഹു പറയുന്നു; എന്നെ ആത്മാർത്ഥമായി അന്വേഷിക്കുന്നവരെ; ഞാൻ നിങ്ങളുടെ അടുത്ത് തന്നെയുണ്ട്. യഥാർത്ഥ വിശ്വാസിയാകാൻ പരിശ്രമിക്കുകയും തിരുനബി (സ.അ) കൊണ്ടുവന്ന പരിപൂർണ്ണ ശരീഅത്തിൽ വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കുകയും അല്ലാഹുവിന്റെ അന്വേഷണത്തിൽ തിരുനബിയുടെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുകയും തിരുനബിയെ സ്നേഹിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അവരെക്കുറിച്ച് അല്ലാഹു പറയുന്നു; ഞാൻ അവരുടെ അടുത്താണ്. എന്റെ ദാസർ എന്നെ എപ്പോൾ വിളിച്ചാലും ഞാനവർക്ക് ഉത്തരം നൽകുന്നതാണ്. അല്ലാഹുവിനോടുള്ള ഭാഷണം തുടങ്ങണമെന്നുണ്ടെങ്കിൽ ആദ്യം നിഷ്കപടമായ രീതിയിൽ അവനെ അന്വേഷിക്കേണ്ടിയിരിക്കുന്നു. എങ്ങിനെയാണ് അന്വേഷിക്കേണ്ടതെന്നും അല്ലാഹു പറഞ്ഞു തന്നിട്ടുണ്ട്. അതിന്റെ രീതിയാണ് ഞാൻ മുകളിൽ പറഞ്ഞത്. ഖുർആൻ അനുസരിച്ച് ജീവിക്കുകയും തിരുനബി (സ.അ)യെ പിൻപറ്റുകയും ചെയ്യുക.അതോടൊപ്പം വിശുദ്ധഖുർആന്റേയും തിരുനബി (സ.അ)ന്റേയും പ്രവചനപ്രകാരം ആകാശഭൂമികളിൽ അടയാളങ്ങൾ പ്രകടമായിക്കൊണ്ട് അവതരിക്കപ്പെട്ട കാലത്തിന്റെ ഇമാമിനോട് കൂറുപുലർത്തുകയും ചെയ്യുക. തിരുനബി (സ.അ) യുടെ യഥാർത്ഥ പ്രേമിയുടെ ബൈഅത്തിൽ ചേരുക. മുസ്ലിം ആണെന്ന് പ്രഖ്യാപിച്ചാൽ മാത്രം മതിയാകുകയില്ല. യഥാർത്ഥവിശ്വാസം കൂടി ഉണ്ടായിരിക്കണം. വിശ്വാസം പൂർത്തിയാക്കുന്നതിനായി അല്ലാഹുവിന്റെ റസൂൽ പറഞ്ഞുതന്ന മാർഗ്ഗത്തിലൂടെ ചരിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു. یُؤْمِنُوْا بِیْ എന്നിൽ വിശ്വസിക്കുക. ഈ വിശ്വാസം പൂർണ്ണമാകേണമെങ്കിൽ فَلْیَسْتَجِیْبُوْا لِیْ എന്റെ വാക്കുകൾ അനുസരിക്കുന്നവരായി മാറണം. ഇതിന്നായി വിശുദ്ധഖുർആനിലെ എല്ലാ കൽപനകളും പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതായിവരും. തഖ്‌വയുടെ മാർഗത്തിൽ അനുഗമിക്കുവാനും ദൈവപ്രീതി കരസ്ഥമാക്കുവാനും അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകാനും സൃഷ്ടികളോടും സൃഷ്ടാവിനോടുമുള്ള കടമകൾ നിറവേറ്റാനും പരിശ്രമിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുഴുകേണ്ടിയിരിക്കുന്നു. സൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ സദ്സ്വഭാവങ്ങൾ സ്വായത്തമാക്കേണ്ടിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. ആരാണോ ഈ രണ്ട് കാര്യങ്ങളും (സൃഷ്ടികളോടുള്ള കടപ്പാടും സൃഷ്ടാവിനോടുള്ള കടപ്പാടും ) അനുഷ്ഠിക്കുന്നത് അവരാണ് യഥാർത്ഥ മുത്തഖികൾ. അവരാണ് അല്ലാഹുവിനെ അന്വേഷിക്കുന്നവർ എന്ന് പറയാം. അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുന്നവരും അവർതന്നെ. ചില കടമകൾ നിറവേറ്റുകയും ചിലത് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അവരെ മുത്തഖികൾ എന്ന് പറയാൻ കഴിയില്ല.

നിങ്ങളുടെ ദുആ സ്വീകരിക്കപ്പെടുന്നതിനും ദൈവസാമീപ്യം കരഗതമാകുന്നതിനും തഖ്‌വയുടെ ഈ നില കരസ്ഥമാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ഈ റമദാനിൽ നിസ്വാർത്ഥരായിക്കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നവരായി നാം മാറാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ ഏകത്വത്തെ മനസ്സിലാക്കുന്നവരും തന്റെ എല്ലാ കഴിവുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് അതിന്റെ കടമ നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുക. നമസ്കാരം ശരിയാംവണ്ണം അനുഷ്ഠിക്കുന്നവരായി നാം മാറണം. ചിലരിൽ നിന്നും കേൾക്കുന്ന ചോദ്യം എന്നെ ആശ്ചര്യപ്പെടുത്തുകയും ചിന്താകുലനാക്കുകയും ചെയ്തിട്ടുണ്ട്. അവർ പറയുന്നു;അഞ്ചുനേരവും കൃത്യമായി നമസ്കരിക്കുന്നവരായിത്തീരാൻ ഞാൻ പരിശ്രമിക്കുന്നുണ്ട്. എന്നിട്ടും ഒന്നോ രണ്ടോ നമസ്കാരം വിട്ടു പോകുന്നു. ഇങ്ങനെയുള്ളവരുടെ നമസ്കാരം തന്നെ ബാക്കിയാകുകയാണെങ്കിൽ പിന്നെ ദുആ സ്വീകാര്യതയെക്കുറിച്ച് എങ്ങിനെ പ്രതീക്ഷിക്കാൻ സാധിക്കും. സദ്ഗുണങ്ങൾ സ്വായത്തമാക്കാൻ ആത്മാർത്ഥ പരിശ്രമം ഉണ്ടായിരിക്കണം. റമദാൻ അല്ലാഹുവിന്റെ തഖ്‌വയിലും ദൈവസാമീപ്യവും കരസ്ഥമാക്കുവാനുള്ള ഒരു മാർഗമാണെന്ന് നാം മനസ്സിലാക്കണം. ഇതിന് പൂർണ്ണമായ രീതിയിൽ പ്രയോജനപ്പെടുത്തുക. അല്ലാഹു നമുക്ക് തുറന്നു വെച്ചിരിക്കുന്ന സ്വർഗകവാടങ്ങളിൽകൂടി അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടി പ്രവേശിക്കാൻ പരിശ്രമിക്കുക. അപ്പോഴായിരിക്കും ദൈവസാമീപ്യം ലഭിക്കുന്നതിനായി മുന്നോട്ട് ഗമിക്കുന്നവരിൽ നാം ഉൾപ്പെടുകയുള്ളു. അല്ലാഹു നമുക്ക് അതിനുള്ള തൗഫീക്ക് നൽകുമാറാകട്ടെ.

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു. അല്ലാഹു പറയുന്നു; ദുആ മുഖേന എന്റെ സാമീപ്യം തേടുക.എന്നിൽ വിശ്വസിക്കുകയും ചെയ്യുക. അവർ വിജയിക്കുന്നതിനുവേണ്ടി. ഇത് ദുആ സ്വീകരിക്കുന്ന പ്രത്യേകമാസമാണ്. അല്ലാഹുവിന്റെ സാമീപ്യത്തിനുവേണ്ടി കൂടുതലായി ദുആ ചെയ്യുക. അല്ലാഹുവിനെ ലഭിച്ചുകഴിഞ്ഞാൽ മറ്റാവശ്യങ്ങൾ സ്വയം നിറവേറിക്കൊള്ളുന്നതാണ്. എന്താണ് ദുആ. ഇതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം അരുളുന്നു.

ഞങ്ങൾ നിത്യവും ദുആ ചെയ്യുന്നില്ലെ എന്നും നമസ്കാരം ദുആ തന്നെയല്ലെ എന്നും കരുതരുത്. കാരണം മഅ്രിഫത്തിനുശേഷം (അഭൗമിക ജ്ഞാനത്തിന് ശേഷം) ചെയ്യപ്പെടുന്ന ദുആ മറ്റൊരവസ്ഥയിലുള്ളതാണ്. അത് പൂർണ്ണമായും ലയിപ്പിക്കുന്ന ഒന്നാണ്. അത് ദഹിപ്പിക്കുന്ന അഗ്നിയാണ്. റഹ്മത്തിനെ ആഗിരണം ചെയ്യുന്ന ഒരു കാന്തിക ശക്തിയാണത്. അത് മരണമാണ്. എന്നാൽ പിന്നീട് അത് ജീവിപ്പിക്കുന്നു. അത് മന്ദമായി ഒഴുകുന്ന ഒരരുവിയാണ്. എന്നാൽ പിന്നീട് അത് ഒരു വഞ്ചിയായി മാറുന്നു. തകർന്നുപോയ ഓരോന്നും അത് മുഖേന ശരിയായിത്തീരുന്നു. അതു മുഖേന എല്ലാ വിഷവും ഔഷധമായി പരിണമിക്കുന്നു.

ദുആ അല്ലാഹുവിൽനിന്നാണ് വരുന്നത്. അത് അല്ലാഹുവി

ലേക്ക് തന്നെ തിരിച്ചെത്തുകയും ചെയ്യുന്നു. നിങ്ങളുടെ ജീവൻ നിങ്ങളുടെ എത്രമാത്രം അടുത്താണോ ഉള്ളത് അതേപോലെ ദുആ മുഖേന അല്ലാഹു നിങ്ങളോടടുക്കുന്നു. ദുആ സ്വീകാര്യതയുടെ ഒന്നാമത്തെ അടയാളം മനുഷ്യനിൽ പരിശുദ്ധ മാറ്റം ഉണ്ടാകും എന്ന താണ്. അല്ലാഹു നമുക്ക് ദുആയുടെ യാഥാർത്ഥ്യം തിരിച്ചറിയുവാനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുവാനുള്ള തത്ത്വം മനസ്സിലാക്കുവാനുമുള്ള മഅ്രിഫത്ത് (ജ്ഞാനം) നൽകുമാറാകട്ടെ. നമ്മുടെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിലായിരിക്കട്ടെ. റമദാനിലെ ദുആകൾ മുഖേന അല്ലാഹു നമ്മുടെ സമീപത്ത് വരുമാറാകട്ടെ. അതു മുഖേന മറ്റുള്ളവരിൽനിന്നും നമ്മെ വ്യതിരിക്തമാക്കുന്ന മാറ്റം നമ്മിൽ ഉണ്ടാകുമാറാകുകയും ചെയ്യട്ടെ. ജമാഅത്തിനെ എല്ലാ വിപത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനു വേണ്ടിയും ഇസ്‌ലാമിന്റെ വിജയത്തിന്‌വേണ്ടിയും നാം കൂടുതലായി ദുആ ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ ദീനിന്റെ സ്ഥിരതക്കും ശക്തിപ്പെടുത്തുന്നതിനും വേണ്ടി നാം ചെയ്യുന്ന ദുആകൾ അല്ലാഹുവിന്റെ സാമീപ്യം നമുക്ക് നേടിത്തരുന്നതായിരിക്കും. അല്ലാഹു നമ്മിൽ പരിശുദ്ധമാറ്റം ഉണ്ടാക്കട്ടെ. അല്ലാഹുവിന്റെ സാമീപ്യം കരഗതമാക്കുന്നവരായി നാം മാറട്ടെ.

ഹദ്റത്ത് മൗലാന ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദിനെ അനുസ്മരിക്കാനാണ് ഞാനിനി ആഗ്രഹിക്കുന്നത്. 2 ദിവസം മുമ്പ് അദ്ദേഹം വഫാത്താകുകയുണ്ടായി. إِنَّا لِلّٰهِ وَإِنَّـا إِلَيْهِ رَاجِعونَ ജമാഅത്തിന്റെ പണ്ഡിത കേസരികളിൽപെട്ട ആളായിരുന്നു അദ്ദേഹം. അല്ലാഹു അദ്ദേഹത്തിന്റെ ദർജാത്തുകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. അദ്ദേഹം മുഅരിഖെ അഹ്മദിയ്യത്ത് (അഹ്മദിയ്യത്തിന്റെ ചരിത്ര രചയിതാവ്) എന്നാണ് അറിയപ്പെടുന്നത്. അഹ്മദിയ്യത്തിന്റെ ചരിത്രം അദ്ദേഹം രചിച്ചിട്ടുണ്ട്. അതിന്റെ 20 വാല്യങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഞാൻ മനസ്സിലാക്കുന്നത് അദ്ദേഹം ചരിത്ര രചയിതാവ് മാത്രമല്ല; അദ്ദേഹം അഹ്മദിയ്യാ ചിരിത്രത്തിലെ ഒരദ്ധ്യായം തന്നെയാണ് എന്നാണ്. അഹ്മദിയ്യത്തിന്റെ അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ പ്രകാശത്തെ ലോകത്ത് എപ്പോഴും പരത്താൻ പ്രയത്നിച്ചുകൊണ്ടിരുന്ന ഒരു പ്രകാശദീപമായിരുന്നു അദ്ദേഹം. വല്ലാത്ത ഓർമ്മശക്തിയായിരിന്നു. അദ്ദേഹം ഒരു എൻസൈക്ലോപീഡിയ ആണെന്നാണ് ഞാൻ പറയാറുള്ളത്. എന്നാൽ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യും അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് ഇത് തന്നെയാണ്. ഔലിയാക്കളുടേയും മുജദ്ദിദുമാരുടേയും എല്ലാം ഉദ്ധരണികൾ അദ്ദേഹത്തിന് ഓർമയുണ്ടായിരുന്നു. വളരെ ആയത്തിലുള്ള വായനയായിരുന്നു അദ്ദേഹത്തിന്. വെറും ഉദ്ധരണികൾ മാത്രമല്ല ഓർമയിൽ ഉണ്ടായിരുന്നത്, മറിച്ച് പുസ്തകവും പേജും എല്ലാം ഓർമയുണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് ചിലർ എനിക്ക് കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ചില കാര്യങ്ങൾ അദ്ദേഹത്തിന്റെ മകനിൽ നിന്നും കരസ്ഥമാക്കിയിട്ടുണ്ട്. അദ്ദേഹത്തെക്കുറിച്ചുള്ള ചില കാര്യങ്ങൾ ഞാനിവിടെ വിവരിക്കാം.

നിസ്വാർത്ഥ സേവകനും കൂടുതൽ സമയവും ദീനീകാര്യത്തിൽ വിനിയോഗിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. വഖ്ഫെ സിന്ദഗി ആയിരുന്നു. ഖിലാഫത്തിനോട് അകമഴിഞ്ഞ ബന്ധമായിരുന്നു. ഭക്തനും ദുആ ചെയ്യുന്ന ആളുമായിരുന്നു. എനിക്ക് ഒരാൾ ഇപ്രകാരം എഴുതി. അദ്ദേഹത്തോട് ദുആ ചെയ്യാൻ ആരെങ്കിലും പറഞ്ഞാൽ ഉടനെ അദ്ദേഹം പറയാറുള്ളത് ദുആക്ക് വേണ്ടി എന്നോട് പറയാതെ ദുആക്ക് വേണ്ടി ഖലീഫത്തുൽ മസീഹിന് കത്തയക്കുക. ലളിത ജീവിതമാണ് നയിച്ചിരുന്നത്. വായനക്കിടയിൽ പുതിയ വല്ലതും കിട്ടിയാൽ ഉടനെ അതിന്റെ ഫോട്ടോകോപ്പി എടുത്ത് എനിക്ക് അയച്ചുതരുമായിരുന്നു. അറിഞ്ഞത് പ്രവർത്തിച്ചുകാണിച്ച പണ്ഡിതനായിരുന്നു അദ്ദേഹം. ഇങ്ങിനെയുള്ള ശക്തനായ സഹായി നഷ്ടപ്പെടുമ്പോൾ തീർച്ചയായും ഇനിയാരെന്ന ചിന്ത മനസ്സിൽ വരും. എന്നാലും അല്ലാഹു എപ്പോഴും ഖിലാഫത്തിന് ശക്തനായ സഹായികളെ (സുൽത്താനെ നസ്വീറിനെ) നൽകിക്കൊണ്ടിരിക്കുന്നതാണ്.

ഒരാൾ എനിക്കെഴുതി. അദ്ദേഹവുമായി മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ ഖിലാഫത്തിനോടുള്ള സ്നേഹത്തിൽ പൂർണ്ണമായും മുഴുകിയിരിക്കുന്നതുപോലെയാണ് മനസ്സിലാകാറുള്ളത്. വടക്കുനോക്കി യന്ത്രത്തിന്റെ സൂചി എപ്പോഴും വടക്കോട്ട് തിരിഞ്ഞിരിക്കുന്നതുപോലെ അദ്ദേഹത്തിന്റെ ചിന്തകൾ എപ്പോഴും ഖിലാഫത്തിലേക്കാണ് തിരിഞ്ഞുകൊണ്ടിരിക്കുക. ഏതെങ്കിലും പ്രശ്നത്തിൽ ഖലീഫത്തുൽ മസീഹിന്റെ പ്രസ്താവനയുണ്ടെങ്കിൽ വലിയ വലിയ ഫത്‌വകൾക്കും മറ്റും ഒരു വിലയും കൽപ്പിച്ചിരുന്നില്ല.

ഒരു മുറബ്ബി സാഹിബ് എനിക്കെഴുതി. സഊദി അറേബ്യയിലെ അമീർ സാഹിബ് വന്നുകൊണ്ട് പറഞ്ഞു. ഞങ്ങൾക്ക് അഹ്മദിയ്യത്തിന്റെ ചരിത്രം എഴുതണം. അപ്പോൾ ഞാൻ പറഞ്ഞു നമുക്ക് ദോസ്ത് മുഹമ്മദ് സാഹിബിന്റെ അടുത്ത് പോകാം. അവിടെ പോയപ്പോൾ അദ്ദേഹം അര മണിക്കൂറിനുള്ളിൽ ആവശ്യമായ എല്ലാ ഉദ്ധരണികളും മറ്റും നൽകുകയും അതിന്റെയെല്ലാം ഫോട്ടോകോപ്പി എടുത്തുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന് നല്ല ഓർമ്മശക്തിയായിരുന്നു. ഉദ്ധരണികളുടെ രാജാവായിരുന്നു അദ്ദേഹം.

ഒരാൾ എഴുതി. ഞാൻ ഒരുദ്ധരണിക്കുവേണ്ടി അദ്ദേഹത്തിന്റെ ഓഫീസിൽ പോയി. അദ്ദേഹം എനിക്ക് ഉദ്ധരണി നൽകി. (അദ്ദേഹം ജമാഅത്തിന്റെ സ്വത്തുകളെ സംരക്ഷിക്കുന്നതിലും വളരെയധികം സൂക്ഷ്മത പുലർത്തിയിരുന്നു). ഞാൻ ഉടനെ അദ്ദേഹത്തിന്റെ മേശപ്പുറത്തുള്ള പേനയെടുത്തു, കടലാസുമെടുത്തു. പേനയും കടലാസും അദ്ദേഹം എന്നിൽനിന്ന് തിരിച്ചുവാങ്ങി. എന്നിട്ട് പറഞ്ഞു നിങ്ങൾ നിങ്ങളുടെ ആവശ്യത്തിനാണ് വന്നത്. അതുകൊണ്ട് നിങ്ങളുടെ പേനയും നിങ്ങളുടെ നോട്ട്ബുക്കും ഉപയോഗിക്കുക.

മഹ്മൂദ് മലിക് സാഹിബ് എഴുതുന്നു. എന്റെ പിതാവിന്റെ സുഹൃത്തായിരിന്നു ഇദ്ദേഹം. ഒരിക്കൽ ലാഹോറിൽ സന്ദർശനത്തിനായി പോയപ്പോൾ അദ്ദേഹത്തിന് സന്ദേശമയച്ചു; എനിക്ക് വരാൻ പറ്റാത്തതു കൊണ്ട് താങ്കൾ ഇങ്ങോട്ട് വന്നാലും. അങ്ങനെ ദോസ്ത് മുഹമ്മദ് സാഹിബിനെ അവർ ഒരു റിക്ഷയിൽ കൊണ്ടുവന്നു. അദ്ദേഹം റിക്ഷയുടെ വാടക നൽകാൻ ശ്രമിച്ചെങ്കിലും മറ്റുള്ളവർ സമ്മതിച്ചില്ല. എന്നാൽ അടുത്ത ദിവസം അവിടെയുള്ള ദാറുദ്ദിക്ർ പള്ളിയിൽ പോകേണ്ടതുണ്ടായിരുന്നു. അപ്പോൾ മൗലാനാ സാഹിബ് പറഞ്ഞു. നിങ്ങൾ പോയി ഒരു ടാക്സി വിളിച്ചുകൊണ്ടുവരിക. അതിന്റെ വാടക ഞാൻ നൽകുന്നതാണ്. കാരണം കേന്ദ്രം എനിക്ക് ടാക്സിക്കുള്ള പൈസ തരുന്നതാണ്. മാത്രമല്ല നമ്മുടെ ഉലമാക്കൾ ആദരിക്കപ്പെടണമെന്ന് കേന്ദ്രം ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. അത്കൊണ്ട് ഞാൻ റിക്ഷയിൽ ഇരിക്കില്ല. ടാക്സിയിൽമാത്രമേ പോകുകയുള്ളൂ. ഇത് അനുസരണം മാത്രമായിരുന്നില്ല. പല പാഠങ്ങളും ഇതിൽ നിന്ന് ലഭിക്കുന്നുണ്ട്. കേന്ദ്രം ഏതെല്ലാം സൗകര്യങ്ങളാണ് ഉപയോഗിക്കാൻ പറഞ്ഞിട്ടുള്ളത് അത് ഉപയോഗിക്കണം. അതുമുഖേന അനുസരണം പൂർണ്ണമായ രീതിയിൽ ചെയ്യാനും സാധിക്കും. അതോടൊപ്പം പണ്ഡിതൻമാരെ ആദരിക്കുന്ന കാര്യത്തെക്കുറിച്ചുള്ള ബോധം ഉണ്ടാക്കുകയും ചെയ്തു.

26 ഓഗസ്റ്റിലാണ് അദ്ദേഹം വഫാത്തായത്. 1935-ൽ ഖാദിയാൻ മദ്റസാ അഹ്മദിയ്യായിൽ പ്രവേശിച്ചു. 1944-ൽ ജാമിആ പഠനം ആരംഭിച്ചു. 1946-ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നും മൗലവി ഫാസിൽ പാസായി. മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. 63 വർഷക്കാലം ജമാഅത്തീസേവനത്തിൽ വിനിയോഗിച്ചു. 1952-ൽ ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) ന്റെ നിർദേശപ്രകാരം അൽഫസിലിൽ ശസറാങ് എന്ന പേരിൽ എഴുതാൻ തുടങ്ങി. വളരെ ദീർഘകാലം ഇതു നീണ്ടുനിന്നു. 1953-ൽ താരീഖെ അഹ്മദിയ്യത്ത് തയ്യാറാക്കാൻവേണ്ടി ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) അദ്ദേഹത്തോട് നിർദേശിച്ചു. 2004 വരെയുള്ളത് 20 വാള്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനു ശേഷം മുതൽ ഇതുവരെ ഉള്ളതിന്റെ കുറിപ്പുകൾ തയ്യാറാക്കി വെച്ചിട്ടുണ്ട്.

ഒരു മകനുണ്ട്.അദ്ദേഹം ഡോക്ടർ സുൽത്താൻ മുബശിർ സാഹിബ് ഫസലെ ഉമർ ഹോസ്പിറ്റലിലാണ്. അഞ്ചു പെൺകുട്ടികളുമുണ്ട്. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇപ്രകാരമാണ്. അദ്ദേഹത്തിന്റെ ഒരു ബന്ധു ഹദ്റത്ത് മിയാൻ മുറാദ് അഹ്മദ് സാഹിബ് ഹാഫിസാബാദി ഉണ്ടായിരുന്നു. ഭക്തനായിരുന്നു ഇദ്ദേഹം. അദ്ദേഹം അഹ്മദിയായി. മൗലവി സാഹിബിന്റെ ഉപ്പാപ്പക്ക് ഇദ്ദേഹം അഹ്മദിയായെന്ന് അറിയാൻ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ വളരെയധികം പീഠിപ്പിക്കുകയുണ്ടായി. അടിച്ചടിച്ച് നല്ല പരിക്കുവരെ പറ്റിയിരുന്നു. മിയാൻ മുറാദ് അഹ്മദ് സാഹിബ് അപ്പോൾ പറയാറുണ്ടായിരുന്നു. നിങ്ങളുടെ ബുദ്ധിയുള്ള മൂന്ന് കുട്ടികൾ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതാണ്. മൗലവി സാഹിബിന്റെ ഉപ്പാപ്പയുടെ ഉപ്പ ഇതുകേട്ടപ്പോൾ ഒന്നുകൂടി ചൂടായി. എന്നിട്ട് മുറാദ് സാഹിബിനെ കഠിനമായി ശിക്ഷിച്ചു. ഇതുസംബന്ധമായ ഒരു സംഭവം മൗലവി സാഹിബ് വിവരിക്കാറുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നഖ്ലഎന്ന് പേരുള്ള ഒരു സ്ഥലം വാങ്ങിയിരുന്നു. അവിടെവെച്ച് തഫ്സീർ കബീർ എഴുതുകയായിരുന്നു. ആ ദിനങ്ങളിൽ മൗലവി സാഹിബും അവിടെ പോയിരുന്നു. അദ്ദേഹം പറയുന്നു. ഞാൻ പോകുന്നതിന് മുമ്പ് എന്റെ ഉപ്പാപ്പയുടെ അടുത്ത് പോയി നഖ്ലയിൽ പോകുന്ന കാര്യം പറഞ്ഞു. ഉപ്പാപ്പയുടെ അവസാന നിമിഷങ്ങളായിരുന്നു അത്. അദ്ദേഹം പറഞ്ഞു; നീ നിന്റെ ഖലീഫക്ക് എന്റെ ഒരു സന്ദേശം നൽകണം. എനിക്ക് ആറ് മക്കളുണ്ടായിരുന്നു. അതിൽ മൂന്ന് കുട്ടികളെ ഖലീഫ എന്നിൽനിന്നും എടുത്ത്കൊണ്ടുപോയിരിക്കുന്നു. ആ മൂന്ന് പേരിൽ ഒരാൾ ഖുർആന്റെ ഹാഫിസാണ്. മറ്റു രണ്ട് പേർ നല്ല ബുദ്ധിമാന്മാരും. എന്നാൽ ബലഹീനരും അക്ഷരജ്ഞാനമില്ലാത്തവരുമായ മൂന്ന് പേരെ എനിക്ക് നൽകുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് എണ്ണം പൂർത്തിയാക്കണം എന്ന ആഗ്രഹമാണുള്ളതെങ്കിൽ ഇവിടെയുള്ള ഒന്നിനും കൊള്ളരുതാത്ത മൂന്ന് പേരെ അദ്ദേഹം എടുത്തോട്ടെ പ്രഗൽഭരായ മറ്റു മൂന്ന് പേരെ എനിക്ക് തിരിച്ചു തന്നാലും. മൗലവി സാഹിബ് പറയുന്നു. ഞാൻ നഖ്ലയിൽ പോയി ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) നെ കണ്ടു; എന്നിട്ട് ഇത് പറയുകയും ചെയ്തു. ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) എന്റെ സന്ദേശം കേട്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. ഉപ്പാപ്പക്ക് എന്റെ സന്ദേശം കൂടി എത്തിച്ചാലും. മക്കളെ മാറ്റുന്നത് എനിക്ക് സമ്മതമാണ്. അനഹ്മദി മക്കളെ എന്നെ ഏൽപിക്കുക. അഹ്മദി മക്കൾ അവർ അഹ്മദിയ്യത്ത് വിട്ടുകൊണ്ട് താങ്കളോടൊപ്പം കൂടാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനുള്ള അനുവാദം അവർക്ക് ഞാൻ നൽകുന്നു. മൗലവി സാഹിബ് പറയുന്നു. ഞാൻ എന്റെ ഉപ്പാപ്പയോട് ഈ കാര്യങ്ങൾ വന്ന് പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങളുടെ ഖലീഫ ബുദ്ധിമാനാണ്. കാരണം അദ്ദേഹത്തിനറിയാം അഹ്മദികളായ മക്കൾ എന്തായാലും മിർസായിയത്ത് വിടില്ല എന്ന്. അതിനു ശേഷം കുറേ കരയുകയും ദേഷ്യം പിടിക്കുകയും ചെയ്തു.

1949-ൽ മൗലവിസാഹിബിന്റെ ഉമ്മ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ബൈഅത്ത് ചെയ്തു. 1951-ൽ റബ്വയിലെ ജാമിയായിൽ ആദ്യം പുറത്തിറങ്ങിയ ശാഹിദ് ബേച്ചിൽ മൗലവി സാഹിബ് ഉണ്ടായിരുന്നു. ഇതിന്റെ വിടവാങ്ങൽ പരിപാടിയിൽ ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) പങ്കെടുത്തിരുന്നു. ഈ പ്രോഗ്രാമിൽ മറുപടി പ്രസംഗം മൗലവി സാഹിബാണ് നിർവ്വഹിച്ചിരുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഇതിനെ പ്രശംസിക്കുകയുണ്ടായി. ജാമിഅത്തുൽ മുബശ്ശിരീനിൽനിന്നും ശാഹിദ് ഡിഗ്രി കരസ്ഥമാക്കിയതിനു ശേഷം ജമാഅത്തെ ഇസ്ലാമിയെക്കുറിച്ചുള്ള ഒരു ഗവേഷണ പ്രബന്ധം അദ്ദേഹം രചിക്കുകയുണ്ടായി. ആ വിഷയം ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) നിശ്ചയിച്ചതായിരുന്നു. ഹദ്റത്ത് മുസ്ലീഹ് മൗഊദ് (റ) വിന്റെ നിർദേശങ്ങളുടെ വെളിച്ചത്തിലാണ് ഈ ഉപന്യാസം അദ്ദേഹം തയ്യാറാക്കിയിരുന്നത്. ഹദ്റത്ത് അമീർ മിനായി ജാനശീൻ, ഹാഫിസ് സയ്യിദ് മുഖ്താർ അഹ്മദ് സാഹിബ് ശാജഹാൻപുരി, (സഹാബി ഹദ്റത്ത് മസീഹ് മൗഊദ് (അ)) എന്നിവരുടേയും മാർഗദർശനം ഇടക്കിടക്ക് അദ്ദേഹത്തിന് ലഭിച്ചിരുന്നു.

40 ഓളം ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. ചിലത് വിവിധ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. എഴുതാനും പ്രസംഗിക്കാനുമുള്ള പ്രത്യേകപാടവം അദ്ദേഹത്തിന് ഉണ്ടായിരുന്നു. നല്ല ശബ്ദവും അല്ലാഹു നൽകിയിരുന്നു. 1974-ൽ ഖലീഫത്തുൽ മസീഹ് 3-ാം ന്റെ നേതൃത്വത്തിൽ അസംബ്ലിയിൽ പോയ ജമാഅത്തിന്റെ പ്രതിനിധികളിൽ മൗലവി സാഹിബും ഉൾപ്പെട്ടിരുന്നു. ആ സംഘത്തിൽ ബാക്കിയുള്ള ആൾ മൗലവി സാഹിബ് ആയിരുന്നു. അസംബ്ലിയിൽ ഉദ്ധരണികൾ നൽകുന്ന ജോലി അദ്ദേഹത്തെയാണ് ഏൽപിച്ചിരുന്നത്. അദ്ദേഹം നൽകുന്ന ഉദ്ധരണികൾ കാണുമ്പോൾ അസംബ്ലിയിലെ അംഗങ്ങൾ അദ്ഭുതപ്പെടാറുണ്ടായിരുന്നു. അവിടെയുള്ള ഒരു മെമ്പർ ഇക്കാര്യം എടുത്തുപറയുകയും ചെയ്തു. നമ്മുടെ മൗലവിമാർക്ക് ഉദ്ധരണികൾ എടുക്കാൻ കുറേ ദിവസങ്ങൾ തന്നെ എടുക്കേണ്ടിവരുന്നു. അവർക്ക് കുറേ അന്വേഷിക്കേണ്ടിവരുന്നു. എന്നാൽ മിർസായികളുടെ ഒരു ചെറിയ മൗലവിയുണ്ട്; അദ്ദേഹം 15 മിനിറ്റുകൊണ്ട് ഓരോ ഉദ്ധരണിയും എടുത്ത്കൊണ്ടുവരുന്നു.

ജൽസകളിൽ ഒരു ദീർഘകാലം പ്രസംഗിക്കുവാനുള്ള അവസരം അല്ലാഹു അദ്ദേഹത്തിന് നൽകുകയുണ്ടായി. 1957-ലെ ജൽസയിലാണ് ആദ്യമായി പ്രസംഗിച്ചത്. 1958-ൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഇത് വളരെയധികം ഇഷ്ടപ്പെടുകയുണ്ടായി. ശൂറയിൽ ഇതിനെക്കുറിച്ച് പ്രത്യേകം എടുത്ത് പറയുകയും ചെയ്തു. ഖാസിയായും മറ്റും സേവനമനുഷ്ഠിച്ചിട്ടുണ്ട്.വഫാത്ത് വരെ പാകിസ്ഥാൻ മജ്ലിസ് ശൂറയുടെ പ്രത്യേക പ്രതിനിധിയായിരുന്നു. 1992-1993 കാലയളവിൽ കാംബ്രിഡ്ജിലെ പ്രസിദ്ധമായ ആഗോളസ്ഥാപനമായ **International Biographical Centre** അദ്ദേഹത്തിന് **Man of the year** പദവി നൽകി ആദരിച്ചിരുന്നു. ഈ ആദരവ് ആഗോളതലത്തിൽ ശ്രദ്ധേയമായ പ്രവ ർത്തനങ്ങൾ കാഴ്ച വെച്ച വ്യക്തികൾക്കാണ് നൽകപ്പെടുന്നത്. 1994 ൽ ഭാരതത്തിലെ തമിഴ്നാട്ടിലെ കോയമ്പത്തൂർ പട്ടണത്തിൽ അഹ്മദിയ്യാ ജമാഅത്തും അഹ്ലെ ഖുർആൻ ഹദീസ് സംഘടനയും തമ്മിലുള്ള സംവാദം നടന്നിരുന്നു. അവിടെയുള്ള

ഒരു വലിയ ഹോട്ടലിലെ ഹാളിൽ വെച്ചാണ് ഇത് നടന്നത്. 9 ദിവസം വ രെ നീണ്ടുനിന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ നിർദ്ദേശപ്രകാരം അദ്ദേഹം അവിടെ പോയിരുന്നു. അല്ലാഹുതആല അവിടെയും അദ്ദേഹത്തിന് വിജയം നൽകുകയുണ്ടായി. അവിടെയുള്ളപ്പോഴാണ് ഒരു മകളുടെ വിവാഹം നടന്നത്. അതിൽ അദ്ദേഹത്തിന് പങ്കെടുക്കാൻ സാധിച്ചില്ല. രണ്ടു പെൺകുട്ടികളുടെ വിവാഹം നടന്നത് അദ്ദേഹം ജമാഅത്ത് സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്ന സമയത്തായിരുന്നു. വിവാഹദിവസം എത്താൻ കഴിഞ്ഞിരുന്നില്ല. എന്റെ വ്യക്തിപരമായ ആവശ്യമായതുകൊണ്ട് അവധി വേണം എന്ന ഒരു പ്രശ്നവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. 1982-ൽ അസീരാനെ രാഹെ മൗലയായി പോലീസ് തടങ്കലിൽ കഴിയാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. കുറച്ച് ദിവസം റബ്വയിലെ പോലീസ് സ്റ്റേഷനിൽ കഴിച്ചുകൂട്ടി. ഏപ്രിൽ 1988-ൽ ഡിസ്ട്രിക്റ്റ് ജയിൽ ഗുജ്റാൻവാലയിൽ കഴിയേണ്ടിവന്നു. 1990-ൽ അദ്ദേഹത്തിന്റെ ജാമ്യം ജഡ്ജ് റദ്ദാക്കുകയും 2 വർഷം കഠിന തടവും 5000 രൂപ വീതം പിഴയും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കൂട്ടുകാർക്കും ജഡ്ജ് വിധിക്കുകയും ചെയ്തു. കുറച്ച് കഴിഞ്ഞപ്പോൾ അദ്ദേഹം ജാമ്യത്തിൽ ഇറങ്ങുകയുണ്ടായി. ജയിലിലും ഖുർആൻ ദർസും തബ്ലീഗും തുടർന്നുകൊണ്ടിരുന്നു.

ഒരു സംഭവം മൗലവി സാഹിബ് എഴുതുന്നു. ജൽസാ സാലാനയിൽ ഞാൻ എന്റെ കിടക്ക സാധാരണ വിരിച്ചുവെക്കുന്നതുപോലെ രണ്ടാഴ്ചക്ക് വേണ്ടി ഓഫീസിൽ തന്നെ വിരിച്ചുവെച്ചു. എന്നിട്ട് ഞാൻ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽനിന്നും ഫോണും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. സാഖിബ് സേർവി സാഹിബ് (അദ്ദേഹം ലാഹോറിന്റെ എഡിറ്ററായിരുന്നു) അദ്ദേഹം അപ്പോൾ അവിടെ വന്നു. എന്നിട്ട് പറഞ്ഞു; ഞാൻ ഇപ്പോൾ ഹുസൂറിനെ കണ്ട് വരികയാണ്. ഹദ്റത്ത് സാഹിബ് പ്രൈവറ്റ് സെക്രട്ടറിയോട് ഫോൺ ചെയ്തുകൊണ്ടു പറഞ്ഞു. ഈ ഉദ്ധരണികൾ വേഗം അയക്കാൻ മൗലവി സാഹിബിനോട് പറയുക. അപ്പോൾ ഞാൻ ഹുസൂറിനോട് പറഞ്ഞു. ഇപ്പോൾ രാത്രി കുറേ ആയില്ലെ. മൗലവി സാഹിബിനെ എവിടെ കിട്ടാനാണ്. അപ്പോൾ ഹദ്റത്ത് സാഹിബ് പറഞ്ഞു. ശുഅ്ബ താരീഖ് എന്ന ഓഫീസിൽ അദ്ദേഹം ഇരിക്കുന്നുണ്ടാകും. ഇത് പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു. താങ്കൾ ഓഫീസിൽ ഉണ്ടോ എന്ന് നോക്കാനാണ് ഞാൻ വന്നത്. ചുരുക്കത്തിൽ രാപകൽ ദീനിസേവനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഖലീഫയുടെ അടുത്ത് നിന്ന് എപ്പോൾ നിർദേശം വന്നാലും രാത്രി രണ്ട് മണിയാണെങ്കിൽ അപ്പോൾ തന്നെ എഴുന്നേറ്റ് പ്രവർത്തനനിരതനാകുമായിരുന്നു. ആ ജോലി പൂർത്തിയാകുന്നതുവരെ മറ്റൊന്നും ചെയ്യുകയോ വിശ്രമിക്കുകയോ ചെയ്തിരുന്നില്ല. അദ്ദേഹം പറയാറുള്ളത് അങ്ങിനെയുള്ള സമയത്ത് മറ്റ് ജോലികൾ ചെയ്യുന്നത് ഞാൻ ശരിയായി കരുതുന്നില്ല.

ഡോക്ടർ മുബശ്ശിർ സാഹിബ് പറയുന്നു. വഫാത്തിന് കുറച്ചു ദിവസം മുമ്പ് അദ്ദേഹം പറഞ്ഞു. എനിക്ക് ഡോക്ടർ അബ്ദുസ്സലാം സാഹിബിന്റെ അസ്സലാമു അലൈക്കും എന്ന ശബ്ദം കേൾക്കാൻ സാധിച്ചു. തിരിച്ചുപോക്കിനുള്ള അടയാളമായിരുന്നു അത്. എന്തു തന്നെ പ്രയാസം ഉണ്ടായാലും ആദ്യം പറയാറുള്ളത് ഉടനെ ഖലീഫക്ക് കത്തയക്കുക എന്നാണ്. എന്നിട്ട് സദഖ ചെയ്യുകയും സലാത്തും ഇസ്തിഗ്ഫാറും കൂടുതലായി ചൊല്ലുകയും ചെയ്യാൻ പറയുകയും ചെയ്യും. അറബി, ഇംഗ്ലീഷ്, ഫാർസി എന്നീ ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ കുറേ വായിച്ചിട്ടുണ്ട്. വെറും വായിക്കുക മാത്രമല്ല അത് അടയാളപ്പെടുത്തുകയും അതിലെ കാര്യങ്ങൾ നോട്ട് ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു; എനിക്ക് മിയാം ബശീർ അഹ്മദ് സാഹിബ് നൽകിയ ഉപദേശം ഇതാണ്. പുസ്തകം വില കൊടുത്ത് വാങ്ങുക.എന്നിട്ട് വായിക്കുക. അദ്ദേഹത്തിന് സ്വന്തമായി ഒരു ലൈബ്രറി ഉണ്ട്. 8000 പുസ്തകങ്ങൾ അതിലുണ്ട്. റബ്വയിൽനിന്ന് പുറത്ത് പോകുമ്പോൾ അമീർ മഖാമിയുടെ അനുവാദമില്ലാതെ പുറത്ത് പോകാറില്ല. ജമാഅത്തിന്റെ ജോലിക്ക് പോകുമ്പോൾ പൊതുവിൽ തന്റെ ബന്ധുക്കളെ കാണാനായി പോകാറില്ല. മകൾ ലാഹോറിൽ ഉണ്ടായിരുന്നു. ലാഹോറിൽ ജമാഅത്ത് സന്ദർശനത്തിന് പോയാൽ ഒരിക്കലും മകളെ കാണാനായി പോകില്ല. പലപ്പോഴും അദ്ദേഹം തിരിച്ചെത്തുമ്പോഴാണ് അറിവുണ്ടാകുക. ഇനി വല്ലപ്പോഴും കാണേണ്ടിവന്നാൽ തന്നെയും അമീർ സാഹിബിന്റെ അനുവാദത്തോടെയാണ് കാണാൻ പോയിരുന്നത്. എപ്പോഴും പറയാറുള്ളത് ഞാൻ ഖലീഫയുടെ പടയാളിയാണ്. പടയാളി ഒരിക്കലും തന്റെ കാവൽസ്ഥലം വിടാറില്ല. ജുമുആ ദിവസവും അദ്ദേഹം ഒരിക്കലും ലീവ് ആക്കിയിട്ടില്ല. റബ്വയിൽ വെള്ളിയാഴ്ച ഓഫീസിന് അവധിയായിരിക്കും. എന്നാൽ അദ്ദേഹം വെള്ളിയാഴ്ചയും വന്ന് ജോലി ചെയ്യും. അവധി എന്ന കാഴ്ചപ്പാട് തന്നെ ഇല്ലായിരുന്നു.

ലളിതമായ വസ്ത്രമാണ് ധരിക്കാറുള്ളത്. എന്നാൽ നല്ല വൃത്തിയുള്ളതായിരുന്നു ഇട്ടിരുന്നത്. നിത്യവും കുളിക്കുകയും സുഗന്ധം പൂശുകയും ചെയ്തിരുന്നു. ജമാഅത്തിന്റെ പ്രതിനിധികൾ എപ്പോഴും തങ്ങളുടെ സ്ഥാനമാനങ്ങൾ നിലനിറുത്തുകയും തങ്ങളുടെ ബാഹ്യരൂപവും മാന്യമായ രീതിയിൽ വെക്കുകയും ചെയ്യണമെന്ന് എപ്പോഴും പറയുമായിരുന്നു.

വഖ്ഫ് ജീവിതത്തിൽ പല വിഷമഘട്ടങ്ങളും വന്നിട്ടുണ്ട്. ആരുടെ മുമ്പിലും കൈനീട്ടിയിട്ടില്ല. തന്റെ ദാരിദ്ര്യത്തെക്കുറിച്ച് ഒരു സൂചന പോലും ആരുടെ മുമ്പിലും ഒരിക്കലും പ്രകടമാക്കിയിട്ടില്ല. അദ്ദേഹത്തിന്റെ മകൻ എഴുതുന്നു. ഒരിക്കൽ ഉമ്മ പറഞ്ഞു. ഇന്ന പണ്ഢിതന് ഇന്ന വ്യക്തിയിൽനിന്നും സ്റ്റൈപ്പന്റ് കിട്ടുന്നുണ്ട്; അത് കൊണ്ട് താങ്കൾ പരിശ്രമിക്കുകയാണെങ്കിൽ താങ്കൾക്കും ലഭിക്കുന്നതാണ്. നമ്മുടെ അവസ്ഥ മെച്ചപ്പെടുകയും ചെയ്യുന്നതാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു. ഈ നാണംകെട്ട പ്രവൃത്തി ഞാൻ ഒരിക്കലും ചെയ്യില്ല. മാത്രമല്ല അല്ലാഹുവിന്റെ മുമ്പിലല്ലാതെ മറ്റാരുടെയെങ്കിലും മുമ്പിൽ കൈനീട്ടുന്നത് അനുവദനീയമായി ഞാൻ കരുതുന്നുമില്ല.

ഒരിക്കൽ കുറച്ച് മുറബ്ബിമാർ വന്ന് അദ്ദേഹത്തോട് പറഞ്ഞു. ഈ കടലാസ്സിൽ ഒന്ന് ഒപ്പ് വെച്ചാലും. അതിൽ എഴുതിയിരുന്നത് ഇപ്രകാരമാണ്. തഹ്രീഖ് ജദീദിന്റെ മുബല്ലിഗ്മാർക്ക് കൂടുതൽ അലവൻസ് കിട്ടുന്നുണ്ട്; സദ്ർ അഞ്ചുമൻ അഹ്മദിയ്യാ മുബല്ലിഗ്മാർക്ക് കുറവുമാണ് കിട്ടുന്നത്. ജോലിക്കാർക്കും കുറവാണ്. അത്കൊണ്ട് ഇതിനെക്കുറിച്ച് ഒരു വിലയിരുത്തൽ ആവശ്യമാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു; ഞാൻ ഇതിൽ ഒപ്പിടില്ല. ഞാൻ ഒരു വഖ്ഫെ സിന്ദഗിയാണ്. ജമാഅത്ത് നൽകുന്നത് സസന്തോഷം ഞാൻ സ്വീകരിക്കും. ജമാഅത്ത് നമ്മോട് ഒന്നും ചോദിക്കാതെ നമുക്ക് വല്ലതും തന്നുകൊണ്ടിരിക്കുന്നു എന്നത് ജമാഅത്ത് നമ്മോട് ചെയ്യുന്ന ഔദാര്യമാണ്. തന്റെ വ്യക്തിപരമായ ആവശ്യങ്ങൾക്ക്വേണ്ടി ഖലീഫമാർക്കും എഴുതാറില്ല. ഒരിക്കലും പരാതിപ്പെട്ടിട്ടില്ല.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) ഒരിക്കൽ മൗലവി സാഹിബിനെ വിളിച്ചുകൊണ്ടു വാരാൻ ആളെ പറഞ്ഞയച്ചു. ലൈബ്രറിയിലും ഓഫീസിലും വീട്ടിലും എല്ലാം അന്വേഷിച്ചു. എവിടേ

യും കണ്ടില്ല. അസർ നമസ്ക്കാരത്തിന് പള്ളിയിൽ വന്നപ്പോൾ ഖലീഫത്തുൽ മസീഹ് ചോദിച്ചു; താങ്കളെ കുറേ നേരമായി ഞാൻ തിരയുന്നു. താങ്കൾ എവിടെയായിരുന്നു? അദ്ദേഹം പറഞ്ഞു; ഞാൻ ലൈബ്രറിയിൽ തന്നെ ഉണ്ടായിരുന്നു. ഞാൻ ലൈബ്രറിയിൽ എത്തിയപ്പോൾ ലൈബ്രറി പൂട്ടി ജോലിക്കാരൻ പൊയ്ക്കളഞ്ഞിരുന്നു. എനിക്ക് അകത്ത് ജോലി ഉണ്ടായിരുന്നതുകൊണ്ട് ഞാൻ മതിൽ ചാടി അകത്ത് കയറി എന്റെ ജോലി ചെയ്തു. ഇവിടെ ഒഴിവ് കഴിവ് പറഞ്ഞ് തന്റെ ജോലിയിൽനിന്ന് വിട്ട് നിൽകാതെ അത് ചെയ്യുകയും അതോടൊപ്പം ജോലിക്കാരന്റെ അനാസ്ത എടുത്തു കാട്ടുകയുമാണ് ചെയ്തത്.

ജയിലിൽ കഴിഞ്ഞപ്പോൾ തനിക്ക് ഉണ്ടായിരുന്ന പ്രയാസങ്ങളൊന്നും വെളിപ്പെടുത്തിയിരുന്നില്ല. പുറത്ത് വന്നതിന് ശേഷമാണ് തനിക്ക് അവിടെ കഠിനപ്രയത്നം ചെയ്യേണ്ടിവന്നതിനെക്കുറിച്ച് വെളിപ്പെടുത്തിയത്. എല്ലാ ജോലിയും സ്വയം ചെയ്യുന്ന ശീലമായിരുന്നു. പുസ്തകങ്ങൾ സ്വയം ബൈന്റ് ചെയ്യുമായിരുന്നു. ഖലീഫത്തുൽ മസീഹിൽനിന്ന് എപ്പോൾ ആവശ്യപ്പെട്ടാലും ഉടനെതന്നെ വേണ്ട ഉദ്ധരണികൾ നൽകുന്നതിന് വേണ്ടിയാണ് വീട്ടിലും ഒരു ലൈബ്രറി സ്ഥാപിച്ചിരുന്നത്. തുടക്കത്തിൽ സൈക്കിൾ പോലും ഉണ്ടായിരുന്നില്ല. നടന്നാണ് പോയിരുന്നത്. ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമാഅ് നടക്കുമ്പോൾ നടക്കുന്ന സ്ഥലം കുറേ ദൂരെയായിരുന്നു. എന്നാലും പകടിയും കൈയ്യിൽ വടിയും പിടിച്ച് നടന്നാണ് പോയിരുന്നത്. അന്ന് ഖാദിമായിരുന്നു. അന്നൊന്നും സൈക്കിൾ പോലും നൽകാൻ ജമാഅത്തിന്റെ കൈയ്യിൽ കാശില്ലായിരുന്നു. മാത്രമല്ല മുബല്ലിഗുമാർക്കും വഖ്ഫെ സിന്ദഗിമാർക്കും അലവൻസും വളരെ തുച്ഛമാണ് കിട്ടിയിരുന്നത്. അദ്ദേഹത്തിന്റെ മകൻ എനിക്കെഴുതുന്നു. സൈക്കിൾ വാങ്ങാൻ പോലും കഴിയാത്തതുകൊണ്ട് അദ്ദേഹം റബ്വയിൽ നടന്നുകൊണ്ടാണ് പോയിരുന്നത്. 1978,1979 കാലത്ത് ഓഫീസ് ഒരു സൈക്കിൾ അനുവദിച്ചു.

ഖുലഫാക്കളുടെ ചോദ്യോത്തര സദസ്സിൽ ഇരിക്കുമ്പോൾ എപ്പോഴും തല താഴ്ത്തിയാണ് ഇരിക്കാറുള്ളത്. എന്നിട്ട് പറയാറുള്ളത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഇങ്ങിനെയാണ് ഇരിക്കാറുണ്ടായിരുന്നത്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സദസ്സിൽ തല താഴ്ത്തിയാണ് ഇരിക്കാറുണ്ടായിരുന്നത്.

അദ്ദേഹത്തിന്റെ മകൻ എനിക്കെഴുതുന്നു. ഒരിക്കൽ മൗലവി സാഹിബ് വളരെ സന്തോഷത്തോടെ വീട്ടിലേക്ക് വന്നു. ഞാൻ ചോദിച്ചു ഇതെന്തു പറ്റി. അപ്പോൾ പറഞ്ഞു. ഞാൻ ഖലീഫത്തുൽ മസീഹ് സാലിസിനെ കാണാൻ പോയതായിരുന്നു. എന്തോ ജോലിക്ക് വേണ്ടി ഹുസൂർ അകത്തേക്ക് പോയി. അപ്പോൾ ഹുസൂറിന്റെ ഷൂ പുറത്ത് കിടപ്പുണ്ടായിരുന്നു. ഞാൻ ഉടനെ എന്റെ ടവ്വൽ എടുത്ത് കൊണ്ട് ആ ഷൂ വൃത്തിയാക്കി. ഇതാണ് സന്തോഷിക്കാനുള്ള കാരണം. ഒരാൾ എനിക്കെഴുതി. വലിയ വലിയ സ്ഥാപനങ്ങൾ ഏതൊരു കാര്യത്തിന് വേണ്ടി ലോകത്ത് ഉണ്ടാകുന്നുവോ അതിന്റെ മൊത്തം പ്രവർത്തി ഈ ഒരാൾമാത്രം ചെയ്തുതീർത്തു. 1982 നു മുമ്പ് അദ്ദേഹത്തിന്റെ പക്കൽ സ്ഥിരമായി ഒരു മുറബ്ബിപോലും ഉണ്ടായിരുന്നില്ല. അഹ്മദിയ്യാചരിത്രം എഴുതുന്ന ജോലി സ്വയംതന്നെയാണ് ചെയ്തിരുന്നത്. ഓരോന്നിന്റേയും സംഭവങ്ങളും മറ്റും കണ്ടുപിടിക്കുകയും അതിന്റെ നോട്ട്സ് തയ്യാറാക്കുകയും എല്ലാം സ്വയം ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിജയപ്രദമായ രീതിയിൽ ഇതെല്ലാം ചെയ്തുതീർത്തു. അദ്ദേഹത്തിന്റെ മക്കൾ പറയുന്നു. ഞങ്ങളുടെ ഉപ്പ എപ്പോഴാണ് വീട്ടിൽ വരുന്നതെന്നും എപ്പോഴാണ് പോയതെന്നും മാസങ്ങളോളം ഞങ്ങൾക്കറിയില്ലായിരുന്നു. കാരണം, വരുമ്പോൾ ഞങ്ങൾ ഉറങ്ങുകയായിരിക്കും. പോകുമ്പോഴും ഞങ്ങൾ ഉറങ്ങുകയായിരിക്കും.

ഇത് വഖ്ഫിനെ സിന്ദഗികൾക്കും മുബല്ലിഗ്മാർക്കുമുള്ള ഒരു ഉപദേശം കൂടിയാണിത്. 1965 - ൽ ഖിലാഫത്തെ സാലിസയുടെ ആദ്യത്തെ ജുമുഅ ആയിരുന്നു. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) മൗലവി സാഹിബിനെ വിളിച്ചു. എന്നിട്ടു പറഞ്ഞു. വെള്ളിയാഴ്ച അവധിയാണ്. അവധിദിവസം ഞാൻ നിന്നെ വിളിച്ച് ബുദ്ധിമുട്ടിച്ചിരിക്കുകയാണ്. അപ്പോൾ മൗലവി സാഹിബ് പറഞ്ഞു. എനിക്ക് വളരെ സന്തോഷമേയുള്ളൂ. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറഞ്ഞു. ഞാൻ നിന്നെ വിളിക്കുവാനുള്ള കാരണം ഞാൻ വഖ്ഫെ സിന്ദഗിയുടെ ഫോം പൂരിപ്പിക്കുമ്പോൾ ഹദ്റത്ത് മസ്‌ലീഹ് മൗഊദ് (റ) മുമ്പിൽ അത് സമർപ്പിക്കപ്പെട്ടു. അപ്പോൾ ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞു. എന്റെ ഹൃദയത്തിൽ മറഞ്ഞിരുന്ന എന്റെ ആഗ്രഹം നീ ഇന്ന് പൂർത്തിയാക്കിതന്നിരിക്കുകയാണ്. എന്റെ നിർദേശമില്ലാതെ തന്നെ തഹ്‌രീഖ് ജദീദിന്റെ മുജാഹിദുകളിൽ നീ സ്വയം അംഗമാകണമെന്ന് ഞാൻ ആഗ്രഹിച്ചതാണ്. ഞാൻ ഇന്ന് വളരെയധികം സന്തോഷിക്കുന്നു. ഓർക്കുക നീ നിന്റെ ജീവിതം വഖ്ഫ് ചെയ്തിരിക്കുകയാണ്. ഇനി മരണം വരെ നിനക്ക് ഒരവധിയുമില്ല. ഇതുകേട്ടപ്പോൾ മൗലവി സാഹിബ് പറഞ്ഞു. ഹുസൂർ ഞാനും ഇന്ന് ഈ പ്രതിജ്ഞ ചെയ്യുന്നു. വഖ്ഫെസിന്ദഗി എന്ന നിലക്ക് രാപ്പകൽ ഞാൻ ദീനി സേവനത്തിൽ മുഴുകുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവസാനശ്വാസം വരെ അദ്ദേഹം ഈ പ്രതിജ്ഞ നിറവേറ്റുകയുണ്ടായി. ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടപ്പോൾ കഠിനമായ രോഗിയായിരുന്നു. അൽപമൊന്ന് ക്ഷീണം മാറിയാൽ ഉടനെ പറയും; എന്നെ വേഗം ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജ് ചെയ്താലും, കാരണം ഖലീഫത്തുൽ മസീഹ് എന്നെ ചില ജോലികൾ ഏൽപിച്ചിട്ടുണ്ട്. അത് ചെയ്യാൻ വേണ്ടി എനിക്ക് ഓഫീസിൽ പോകേണ്ടതുണ്ട്. അവസാന രണ്ട് മൂന്ന് ദിവസം അബോധാവസ്ഥയിലായിരുന്നു. ചുരുക്കത്തിൽ അവസാനശ്വാസംവരെ അദ്ദേഹം ഈ പ്രതിജ്ഞ നിറവേറ്റിയിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ ദർജാത്തുകൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്ക് ഇദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകുന്നതിനുള്ള തൗഫീക്ക് നൽകുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മകൻ ഡോക്ടർ സുൽത്താൻ സാഹിബും വഖ്ഫെ സിന്ദഗിയാണ്. അദ്ദേഹത്തിനും അല്ലാഹു യഥാർത്ഥഅർത്ഥത്തിൽ വഖ്ഫ് പൂർത്തിയാക്കാനുള്ള തൗഫീക്ക് നൽകുമാറാട്ടെ. ജുമുആക്ക് ശേഷം അദ്ദേഹത്തിന്റെ ജനാസ ഗാഇബ് ഞാൻ നിർവ്വഹിക്കുന്നതാണ്.

ഇതോടൊപ്പം രണ്ട് ജനാസകൾ വേറെയുമുണ്ട്. ഒന്ന്. മൗലവി സാഹിബിന്റെ ഇളയ സഹോദരന്റേതാണ്. മൗലവി സാഹിബിന്റെ വഫാത്തിന് ഒരു മണിക്കൂറിനുശേഷം അദ്ദേഹവും വഫാത്തായി. മൂസിയായിരുന്നു. മക്കൾ ഇല്ല. ബഹിശ്തി മഖ്ബറയിൽ ഖബറടക്കിയിട്ടുണ്ട്. ധനത്യാഗരംഗത്ത് വളരെയധികം ത്യാഗം ചെയ്യാനുള്ള തൗഫീക്ക് ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മരണത്തിന് മുമ്പ് മറിയം ശാദി ഫണ്ടിൽ 2 ലക്ഷം രൂപ നൽകാൻ തന്റെ ബന്ധുക്കളോട് അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നു. രണ്ട്മൂന്ന് പെൺകുട്ടികളുടെ വിവാഹത്തിനും വിധവക്ക് 2 ലക്ഷവും അദ്ദേഹം നൽകി. ഇദ്ദേഹം നന്മയിൽ മുന്നേറുന്ന വ്യക്തിയും ത്യാഗം ചെയ്യുന്ന ആളുമായിരുന്നു.

മുഹമ്മദ് അസ്‌ലം സാഹിബ് എന്നതാണ് മൗലവി സാഹിബിന്റെ സഹോദരന്റെ പേര് . ഇതേപോലെ മറ്റൊരു ജനാസ നസീം ബേഗം സാഹിബയുടേതാണ്. 17 ഓഗസ്റ്റിലാണ് വഫാത്തായത്. മുഹമ്മദ് ആരിഫ് ബശീർ സാഹിബ് മുബല്ലിഗ് സിൽസില തൻസാനിയായുടെ മാതാവാണിവർ. ഇദ്ദേഹത്തിന് തന്റെ മാതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹം പറയുന്നു. ഞാൻ ജാമിയായിൽ പ്രവേശിച്ചപ്പോൾ എന്റെ മാതാവ് എനിക്ക് നൽകിയിരുന്ന ഉപദേശം ഇതായിരുന്നു. മകനെ പഠിച്ച് വരണം; എന്നിട്ട് ദീനിനുവേണ്ടി സേവനം ചെയ്യണം. അവർ മൂസിയ ആയിരുന്നു. ബഹിശ്തി മഖ്ബറയിൽ മറവ് ചെയ്തിട്ടുണ്ട്. അല്ലാഹു ഇവരുടെ എല്ലാവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ മക്കളെക്കുറിച്ചുള്ള നല്ല ആഗ്രഹങ്ങൾ അല്ലാഹു അവർക്ക് പൂർത്തിയാക്കിക്കൊടുക്കുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 28 - 08 - 2009 at**
**Baithul Futuh,London**
**UK.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**